## ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## അടിസ്ഥാനപാഠാവലി

**ക്ലാസ് : 7** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **4, 5** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

**(1)**

**വായിക്കാം എഴുതാം**

തിരിച്ചു നടക്കുമ്പോൾ കിഴക്ക് മലനിരകൾ മഞ്ഞ് മൂടി കിടക്കുന്നു. ഒരു ഹിമാലയൻ ദൃശ്യം പോലെ. നടന്ന് പാലത്തിലെത്തുമ്പോൾ സന്ധ്യ കനക്കുന്നു. സൂര്യൻ താഴുന്നു. അതിശയകരമായ കാഴ്ചയായിരുന്നു ആകാശത്ത്! മുമ്പ് കണ്ട മേഘങ്ങൾ ഒരുപാട് താഴെയായിരുന്നു. വെളുപ്പ് നിറമാർന്നിടം ഇപ്പോൾ കാർവർണ്ണമായിരിക്കുന്നു. സൂര്യന്റെ അവസാന രശ്മികൾ അവയ്ക്കിടയിൽ പതുങ്ങിയിരിക്കുന്നു. കായലോളങ്ങൾ പോലെ വയലിൽ കാറ്റടിച്ചപ്പോൾ അലകൾ. മാനത്ത് ചന്ദ്രൻ. വെള്ളത്തിൽ മുഖം നോക്കുന്ന ചന്ദ്രൻ ചിലപ്പോൾ സ്വസ്ഥമായും നിന്നു. വയലിലെ അലകൾക്കിടയിലൂടെ ദൂരെ പച്ചപിടിച്ചയിടങ്ങൾ. വെളുത്ത പൂവുകൾ. സന്ധ്യാകാശത്ത് ചന്ദ്രൻ തെളിഞ്ഞുവന്നു. വയൽ വെള്ളത്തിന് തിളക്കം.

© State Assessment Cell - SCERT Kerala

a) മഞ്ഞ് മൂടിക്കിടക്കുന്ന മലനിരകൾ - എന്താണ് ഓർമ്മിപ്പിക്കുന്നത്?

**A.** ഒരു പ്രഭാത ദൃശ്യം

**B.** ഒരു ഹിമാലയൻ ദൃശ്യം

**C.** ഒരു അതിശയ ദൃശ്യം

**D.** ഒരു സന്ധ്യാ ദൃശ്യം

b) താഴെകൊടുത്തിരിക്കുന്ന പ്രയോഗങ്ങളിൽ തെറ്റായ ജോടി ഏത്?

**A.** സന്ധ്യ കനക്കുന്നു- സൂര്യൻ താഴുന്നു.

**B.** വെളുപ്പുനിറം - കാർമേഘ വർണ്ണം.

**C.** വയലിൽ കാറ്റടിച്ചു- കായലോളങ്ങൾ പോലെ അലകൾ.

**D.** വെളുത്ത പൂവുകൾ - സൂര്യന്റെ അവസാന രശ്മികൾ

c) 'വെളുപ്പ് നിറമാർന്നിടം ഇപ്പോൾ കാർവർണ്ണമായിരിക്കുന്നു', പ്രസ്താവനയോട് യോജിക്കുന്നതെന്ത് ?

**A.** നേരം വൈകുന്നു

**B.** നേരം സന്ധ്യയോടടുക്കുന്നു

**C.** നേരം പുലരുന്നു

**D.** നേരം നിറം മാറുന്നു

d) വയൽവെള്ളത്തിന് തിളക്കമുണ്ടായതെപ്പോൾ ?

**A.** സന്ധ്യാകാശത്ത് ചന്ദ്രൻ തെളിഞ്ഞു വന്നപ്പോൾ

**B.** സൂര്യൻ താഴുമ്പോൾ

**C.** മേഘം കാർവർണ്ണമായപ്പോൾ.

**D.** മലകൾ മഞ്ഞുമൂടിക്കിടക്കുമ്പോൾ.

© State Assessment Cell - SCERT Kerala

**(2) വിവരണം**

a) ഉത്സവങ്ങൾ പരിചയമില്ലേ? നിങ്ങൾ കണ്ട ഉത്സവത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

b) 'ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ കുറയും' എന്ന പഴഞ്ചൊല്ലിന്റെ ശരിയായ ആശയം ?

i. കൃഷിചെയ്യുന്ന സമയത്ത് എന്തെങ്കിലും തെറ്റ് വരുത്തിയാൽ അതിന്റെ ഫലം ഭക്ഷണത്തിൽ പ്രതിഫലിക്കും.

ii. പരീക്ഷയ്ക്ക് നന്നായി പഠിക്കാതിരുന്നാൽ മാർക്ക് കുറയും.

**A.** i മാത്രം ശരി

**B.** ii മാത്രം ശരി

**C.** i ഉം ii ഉം ശരി

**D.** i ഉം ii ഉം തെറ്റ്

c) പദച്ചേരുവകൾ ശരിയല്ലാത്തത് ഏത് ?

**A.** ശ്രദ്ധിച്ചിരുന്നില്ല- ശ്രദ്ധിച്ചു, ഇരുന്നില്ല.

**B.** എണ്ണിത്തിട്ടപ്പെടുത്തി- എണ്ണി, തിട്ടപ്പെടുത്തി.

**C.** കൃത്യമായിരുന്നില്ല- കൃത്യം, ആയിരുന്നില്ല.

**D.** വെയിലിലിലുമിട്ട് – വെയിലിലിലും, ഇട്ട്.

**(3) അഭിമുഖചോദ്യാവലി**

സ്കൂളിലെ വിത്തുമേളയോടനുബന്ധിച്ച് പച്ചക്കറിത്തോട്ടം ഉദ്ഘാടനം ചെയ്യാനായി കൃഷി ഓഫീസർ എത്തുന്നു. പുതിയ വിത്തിനങ്ങൾ, വളങ്ങൾ, പരിപാലന രീതികൾ എന്നിവയെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ചറിയാം. അദ്ദേഹത്തോടൊപ്പമുള്ള അഭിമുഖത്തിനായി ചോദ്യാവലി തയ്യാറാക്കുക. **(അഞ്ച് ചോദ്യങ്ങൾ വേണം)**

**(4) വിശകലനക്കുറിപ്പ് അല്ലെങ്കിൽ താരതമ്യക്കുറിപ്പ്**

**4.A) വിശകലനക്കുറിപ്പ്**

"തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം!"

© State Assessment Cell - SCERT Kerala

പഠിക്കുവാൻ ഏറെയുണ്ട് പ്രകൃതിയിൽ നിന്ന്. നമ്മുടെ ചുറ്റുപാടുകളാണ് നമ്മളെ കൂടുതൽ പഠിപ്പിക്കുന്നത്. അറിഞ്ഞും അനുഭവിച്ചും അന്വേഷിച്ചും പഠിക്കണം. എന്താണ് നിങ്ങളുടെ അഭിപ്രായം? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**c) താരതമ്യക്കുറുപ്പ്**

"ആരു നോക്കാനാ.... ? വിറ്റേയ്ക്ക്..... കുറേ വയലും പറമ്പും.!

നിങ്ങൾക്കു വേറെ പണിയില്ലേ.. കാശു കൊടുത്താൽ എല്ലാം കിട്ടും!"

- മകൻ

ആരെങ്കിലും എവിടെയെങ്കിലും നട്ടു നനച്ചതേ പണം കൊടുത്താലും

വാങ്ങാനാവൂ..മോൻ അതോർക്കണംഃ

- അച്ഛൻ -

രണ്ടുപേരുടെയും അഭിപ്രായങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

**(5) ആസ്വാദനക്കുറിപ്പ്**

**5.A) ഞങ്ങളുടെ മുത്തശ്ശി.**

ദൂരെക്കായലിൽ മുങ്ങിത്തപ്പി
ചേറിൻ പാളികൾ കുത്തിപ്പൊക്കി
വയലിനു ചുറ്റും കോട്ടവളയ്ക്കും
കരിമലയന്മാർ പോകുമ്പോൾ,
ആകെ വിളർത്തു തളർന്നും, പട്ടിണി
പാകി വളർത്താൻ പണി ചെയ്തും
തോളത്തേതോ തൂമ്പയുമായ്, തൊഴി-
ലാളികളീവഴി പോകുമ്പോൾ,
പറയാറുണ്ടാ, ത്യാഗത്തിൻ കഥ-
പതിവായ്, പതിവായ് മുത്തശ്ശി.

-വയലാർ രാമവർമ്മ

© State Assessment Cell - SCERT Kerala

**അല്ലെങ്കിൽ**

**5.B)** ഇത്തിരി മണ്ണിൽ താനേ കിളച്ചു വിയർത്തൊരു
വിത്തുപാകുമ്പോൾ,പേർത്തുമത്തടം നനയ്ക്കുമ്പോൾ
പച്ചയാം രക്തം മുറ്റിപ്പടരും ദലച്ചാർത്തിൽ
പറ്റിയ പുഴുക്കളെപ്പിടിച്ചു കളയുമ്പോൾ,
കടിഞ്ഞിൽ പൂവും കായും കാണുമ്പോഴീ നമ്മൾക്കു
കരളിൽ തുടിയ്ക്കുന്നീലെന്തെന്തൊരഭിമാനം!
പണ്ടു തൊട്ടിന്നോളവുമീ മലനാട്ടിൽ കുന്നിൻ-
പള്ളയും കാടും വെട്ടിനിരത്തി,ത്തണ്ണീർതേവി,
വയലും തോപ്പും കായ്പൂന്തോട്ടവും വിരിയിച്ച
വലിയോർകളാം വീരപൂർവ്വികരുടെ രക്തം
ഉണരുന്നല്ലോ വീണ്ടും നമ്മളി,ലന്നേരം നാ-
മണയുന്നല്ലോ തിര്യേ നമ്മൾ തൻ തറവാട്ടിൽ.

-(കയ്പവല്ലരി –വൈലോപ്പിള്ളി)

മേൽ നൽകിയ ഏതെങ്കിലും ഒരു കവിതാഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക.

**(6)** കുറിപ്പ്

കൃഷിയും കാർഷിക പാരമ്പര്യവും മനുഷ്യസംസ്കാരത്തിന്റെ നാഴികക്കല്ലുകളാണ്. പാഠഭാഗങ്ങളിൽ നിന്ന് നേടിയ ആശയങ്ങളെ ഉൾക്കൊണ്ട്, മലയാളിയുടെ കാർഷിക സംസ്കാരത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala